കരാർ മേഖലയിൽ സെയിൽസ് ടാക്സുമായി ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിന് നടപടി

14(1290) ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാർ മേഖലയിൽ സെയിൽസ് ടാക്സുമായി ബന്ധപ്പെട്ട നിലവിലെ നിയമങ്ങളിൽ ഭേദഗതി വരുത്തണമെന്ന ഗവൺമെന്റ് കോൺട്രാക്ടേഴ്സ് ഫെഡറേഷന്റെ ആവശ്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) അമ്പത് ലക്ഷം രൂപ വരെയുള്ള നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്ന ഗവൺമെന്റ് കരാറുകാരെ ചെറുകിട ഇടത്തരം കരാറുകാരായി പരിഗണിച്ച് ബില്ലിൽനിന്നും രണ്ട് ശതമാനം ടാക്സ് കോമ്പൗണ്ട് ചെയ്ത് വാറ്റ് രജിസ്ട്രേഷനിൽ നിന്നും ഇവരെ ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ആവശ്യം പരിഗണിക്കുമോ;

(സി) ഉൽപ്പാദകമല്ലാത്ത കല്ല്, മണ്ണ്, പൂഴി എന്നീ നിർമ്മാണ വസ്തുക്കളെ വാറ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; നിലപാട് വ്യക്തമാക്കാമോ;

(ഡി) ടാക്സ് നിർണ്ണയ സർട്ടിഫിക്കറ്റിൽ നിന്നും കരാറുകാരെ ഒഴിവാക്കിയിട്ടുണ്ടോ; ഇതിനുവേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) മൂന്ന് മാസം കൂടുമ്പോൾ റിട്ടേൺ ഫയൽ ചെയ്യണമെന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ടോ;

(എഫ്) ഗവൺമെന്റ് കോൺട്രാക്ടേഴ്സ് ഫെഡറേഷന്റെ ആവശ്യങ്ങളോടുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(ജി) എങ്കിൽ സംഘടനാപ്രതിനിധികളെ വിളിച്ചുചേർത്ത് പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാൻ തീയതി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ചർച്ച നടത്താൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി ചുവടെ ചേർത്തിരിക്കുന്നു:

"കരാറുപണിയിൽ ഉപയോഗിക്കുന്ന എല്ലാ വസ്തുക്കളും സംസ്ഥാനത്തിനകത്തുനിന്നും വാങ്ങുകയും കേന്ദ്രവിൽപ്പനനികുതിനിയമപ്രകാരം രജിസ്ട്രേഷൻ ഇല്ലാതിരിക്കുകയും സംസ്ഥാനത്തിനകത്ത് ആദ്യ വിൽപ്പന നടത്താതിരിക്കുകയും കരാറിനാവശ്യമായ വസ്തുക്കൾ രജിസ്ട്രേഷനുള്ള വ്യാപാരിയിൽനിന്നു വാങ്ങു

LIBRARY ARCHIVES Kerala Legislative Assembly

ന്നതുമായ കരാറുകാർക്ക് മൊത്തം കരാർ തുകയുടെ 2% നിരക്കിൽ കോമ്പൗണ്ട് ചെയ്യാനുള്ള വ്യവസ്ഥ നിയത്തിൽ കൊണ്ടുവന്നിട്ടുണ്ട്. ഇക്കൂട്ടർക്ക് വിറ്റുവരവ് എത്ര യായാലും കോമ്പൗണ്ടിംഗ് നികുതിനിരക്ക് 2% മാത്രമായിരിക്കും."

(ബി) മൂല്യവർദ്ധിത നികുതി നിയമപ്രകാരം വിറ്റുവരവ് പരിധിയില്ലാതെ രജിസ്ട്രേഷൻ എടുക്കാൻ എല്ലാ കരാറുകാരും ബാദ്ധ്യസ്ഥരാണ്. ഉത്തരം (എ) പ്രകാരം 2% കോമ്പൗണ്ടിംഗ് ചെയ്യാനുള്ള വ്യവസ്ഥ അംഗീകരിച്ചിട്ടുണ്ട്. സർക്കാർ കരാറുകാരെ രജിസ്ട്രേഷൻ എടുക്കുന്നതിൽ നിന്നും ഒഴിവാക്കുന്ന കാര്യം പരിഗ ണനയിലില്ല.

(സി) ഇല്ല. ഇത്തരം വസ്തുക്കളുടെ നികുതി നിരക്ക് 4% ആയി നിശ്ചയി ച്ചിട്ടുണ്ട്.

(ഡി) ഇല്ല. കേരള പൊതുവിൽപ്പന നികുതി നിയമപ്രകാരവും നികുതി നിർണ്ണയ സർട്ടിഫിക്കറ്റ് ആവശ്യമായിരുന്നു. മൂല്യവർദ്ധിത നികുതി നിയമത്തിലും ഈ വ്യവസ്ഥ അതേപടി തുടരുകയാണ് ചെയ്തിട്ടുള്ളത്.

(ഇ) ഇല്ല. എന്നാൽ കരാറുകാർ മറ്റു വസ്തുക്കൾ വിപണനം ചെയ്യുന്നു ണ്ടെങ്കിൽ പ്രതിമാസ റിട്ടേണൻ ഫയൽ ചെയ്ത് നികുതി അടയ്ക്കേണ്ടതാണ്.

(എഫ്) 'എ' പിരിവിന്റെ മറുപടി ദയവായി കാണുക.

(ജി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

വില്പന നികുതി വർദ്ധനവ്

15(1291) ശ്രീ. കെ. എ. ചന്ദ്രൻ:

ശ്രീ. എം. എ. വാഹിദ്:

ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 200-2001-ൽ സെയിൽസ് ടാക്സ് ഇനത്തിൽ പിരിഞ്ഞ തുകയെത്രയായിരുന്നു;

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് ഈയിനത്തിൽ 2004-2005-ൽ പിരി ച്ചെടുത്ത തുകയെത്രയാണ്;

(സി) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തെ ടാക്സ് പിരിവിലുള്ള വർദ്ധന എത്ര ശതമാനം വീതമായിരുന്നു;

(ഡി) ഈ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ടാക്സ് പിരിവിലുള്ള വർദ്ധന എത്ര ശതമാനം വീതമാണ്?

LIBRARY ARCHIVES Kerala Legislative Assembly